പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1949 *16.06.2014*-ൽ മറുപടിക്ക്

<u>സ്പെയർ പാർട്സ് പർച്ചേസ് സുതാര്യമാക്കുന്നതിനുള്ള നടപടികൾ</u>

<u>ചോദ്യം</u>

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

<u>ഉത്തരം</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ ലോക്കൽ പർച്ചേസ് സംവിധാനം അതേപടി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ അത്യാവശ്യഘട്ടങ്ങളിൽ സ്പെയർ പർട്സുകളുടെ അഭാവം മൂലം വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് പ്രയാസം നേരിട്ടാൽ താത്കാലികമായി ലോക്കൽ പർച്ചേയ്സ് നടത്തി വാഹനങ്ങൾ ഗതാഗത യോഗ്യമാക്കുന്നതിന് ഒരു ബസ്സിന് പ്രതിമാസം 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) നിരക്കിൽ അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക പ്രയാസം മൂലം യഥാസമയം മുഴുവൻ സ്പെയർ പാർട്സും കേന്ദ്രീകൃത സംവിധാനം വഴി ലഭ്യമാക്കുവാൻ കഴിയാത്തതിനാൽ ലോക്കൽ പർച്ചേയ്സ് സംവിധാനം ഉടനടി നിർത്താലാക്കുവാൻ കഴിയില്ല. |
| (ബി) | എങ്കിൽ ആയതു സംബന്ധമായി ഏതെങ്കിലും അഴിമതി കേസ്സുകൾ കെ.എസ്.ആർ.ടി.സി.-യിലെ ആരുടെയെങ്കിലും പേരിൽ എടുത്തിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകാമോ ; | (ബി) | നടപടികൾ എടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു;<br><br>1. ലോക്കൽ പർച്ചേയ്സിനായി കോർപ്പറേഷനിൽ നിന്നും കൈപ്പറ്റിയ തുക സാധനം വാങ്ങിയ സ്ഥാപനത്തിന്റെ ഉടമയ്ക്ക് നൽകിയില്ല എന്നതിന്റെ പേരിൽ മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിലെ അസിസ്റ്റന്റ് സ്റ്റോർ കീപ്പർ ശ്രീ. ജെ. പ്രശാന്തിനെതിരെ 2011-ൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2. ലോക്കൽ പർച്ചേയ്സ് മുഖേന ഗുണനില വാരം കുറഞ്ഞ പെയിന്റ് കൂടുതൽ വിലയ്ക്കു വാങ്ങി ഡീലറിൽ നിന്നും കമ്മീഷൻ കൈപ്പറ്റി കോർപ്പറേഷന് 68,877/- രൂപ നഷ്ടം വരുത്തി എന്നതി ന്റെ പേരിൽ തിരുവനന്തപുരം സിറ്റി ഡിപ്പോ യിലെ ചാർജ്ജ്മാൻ (പെയിന്റർ) ശ്രീ. എസ്. അജിത് കുമാറിനെതിരെ 2013-ൽ അച്ചടക്ക നടപടി സ്വീകരിച്ചി ട്ടുണ്ട്.<br>3. ലോക്കൽ പർച്ചേയ്സ് സംബന്ധിച്ച് ശ്രീ. എം. വിജയകുമാർ, ഡ്രൈവർ, (അദർ ഡ്യൂട്ടി സ്റ്റോർ സ്റ്റാഫ്) ആര്യനാട് -ന് എതിരെ അച്ചടക്ക നടപടി കൈ ക്കൊണ്ട് നഷ്ടം ഈടാക്കാൻ ഉത്തര വായിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.-യിലെ സ്പെയർ പാർട്സ് പർച്ചേസ് സുതാര്യമാക്കുന്നതിനും അഴിമതി രഹിതമാക്കുന്നതിനും സ്വീകരി ക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ? | (സി) | നിലവിൽ 25 ലക്ഷത്തിനു മുകളിൽ വില വരുന്ന എല്ലാ പർച്ചേസുകളും ഇ-പ്രൊക്യൂർമെന്റ് സിസ്റ്റം വഴി ഇ-ടെൻഡർ മുഖേനയാണ് നടത്തുന്നത്. ഘട്ടം ഘട്ടമായി എല്ലാ പർച്ചേയ്സുകളും ഇ-ടെൻഡർ വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ